# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2478 — 12/02/2020-ൽ മറുപടിക്ക്

## പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷന്റെ വിഭജനം

| | ചോദ്യം<br><br>**ശ്രീ.കെ. രാജൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഒരു ഇലക്ട്രിക്കൽ സെക്ഷനിലെ പരമാവധി ഉപഭോക്താക്കളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ; | (എ) | ഒരു ഇലക്ട്രിക്കൽ സെക്ഷനിലെ പരമാവധി ഉപഭോക്താക്കളുടെ എണ്ണം നിർവ്വചിച്ചിട്ടില്ല. |
| (ബി) | ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ ഗാർഹിക, ഗാർഹികേതര കണക്ഷനുകളുള്ള എത്ര ഉപഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ 04.02.2020 -ലെ കണക്ക് പ്രകാരം 14437 ഗാർഹിക ഉപഭോക്താക്കളും 4985 ഗാർഹികേതര ഉപഭോക്താക്കളും ഉണ്ട്. |
| (സി) | പ്രസ്തുത സെക്ഷൻ വിഭജിച്ച് പുതിയ ഒരു ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും, പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും, പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും, സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ KSEBL ൽ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി KSEBL നടപടികൾ സ്വീകരിച്ച |

| | | | |
|---|---|---|---|
| | | | വരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് പട്ടിക്കാട് സെക്ഷൻ ഓഫീസ് വിഭജിച്ച് കേന്ദ്രമാക്കി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ